ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

വിദ്യാഭ്യാസം-സാങ്കേതികം- ക്യു.ഐ.പി ഡെപ്യൂട്ടേഷൻ **2021-22 വർഷത്തിൽ Phd** അഡ്മിഷൻ പൂർത്തീകരിച്ച സർക്കാർ പോളിടെക്നിക് കോളേജിലെ കമ്പ്യൂട്ടർ എഞ്ചിനീയറിങ് വിഭാഗം ലക്ചററർക്ക്- പുനർ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (സി) വിഭാഗം**

**നം. DTETVM/6728/2024-EC3 (EC)** **തിരുവനന്തപുരം, തീയതി : 08-08-2024**

---

വായന :-

1. **25/08/2021 ലെ G.O (Rt) No. 1106/2021/H.Edn.**
2. ഈ ഓഫീസിലെ **26/08/2021, 01/09/2021, 03/09/2021** തീയതികളിലെ **L2/532/21/DTE** നമ്പർ നടപടിക്രമം
3. വിവിധ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാൾമാരുടെ അപേക്ഷകൾ.

**ഉത്തരവ്**

സൂചന (1), (2), ലെ ഉത്തരവുകൾ പ്രകാരം, വിവിധ സർക്കാർ പോളിടെക്നിക് കോളേജുകളിലെ കമ്പ്യൂട്ടർ എഞ്ചിനീയറിങ് വിഭാഗം ലക്ചറർ തസ്തികയിലെ ജീവനക്കാർക്ക്, ക്യു.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം എഞ്ചിനീയറിംഗ് കോളേജുകളിൽ പിഎച്ച്ഡി കോഴ്സ് (2021-2022 അഡ്മിഷൻ) ഉപരിപഠനത്തിനായി അനുമതി നൽകുകയുണ്ടായി. ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ജീവനക്കാർ പുനർനിയമനത്തിനായി വായന (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരെ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ പുനർ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, സ്ഥാപനം, ക്യൂ.ഐ.പി സെൻ്റർ | പുനർ നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീമതി. ഷാജില ബീഗം എം കെ<br>**(PEN:619662)**<br>ലക്ചറർ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, സർക്കാർ പോളിടെക്നിക് കോളേജ്, വെണ്ണിക്കുളം<br>**(QIP centre: NIT,**ചണ്ഡീഗഡ്) | സർക്കാർ പോളിടെക്നിക് കോളേജ്, വെണ്ണിക്കുളം (തുറന്ന ഒഴിവിൽ) |

| | | |
|---|---|---|
| | | |
| **2.** | ശ്രീ. ഹരേഷ് എം വി<br>**(PEN:764635)**<br>ലക്ചറർ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, സർക്കാർ പോളിടെക്നിക് കോളേജ്, കണ്ണൂർ<br>**(QIP centre: NIT,തിരുച്ചിറപ്പള്ളി)** | മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് , തൃശ്ശൂർ<br>(തുറന്ന ഒഴിവിൽ) |
| **3.** | ശ്രീമതി. ചിത്രരാജ് എൻ<br>**(PEN:609829)**<br>ലക്ചറർ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, സർക്കാർ പോളിടെക്നിക് കോളേജ്, ചേർത്തല<br>**(QIP centre: NIT,ചണ്ഡീഗഡ്)** | സർക്കാർ പോളിടെക്നിക് കോളേജ്, കടുത്തുരുത്തി<br>(തുറന്ന ഒഴിവിൽ) |

ക്യു.ഐ.പി ഡെപ്യൂട്ടേഷനായി മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തു മൂന്ന് വർഷകാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്കോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിൻപ്രകാരം മേൽ ജീവനക്കാർ ജോലിയിൽ പുനഃപ്രവേശിക്കേണ്ടതാണ്.

മൂന്ന് വർഷത്തെ ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തീകരിച്ചതും, എന്നാൽ കോഴ്സ് പൂർത്തീകരിക്കാത്തതുമായ ജീവനക്കാർ, ഡെപ്യൂട്ടേഷൻ കാലയളവായ മൂന്ന് വർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്യൂ. ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത്, വിടുതൽ സർട്ടിഫിക്കറ്റ് സഹിതം പുനർ നിയമനം നൽകപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ശേഷം ടി ഉദ്യോഗസ്ഥർ അർഹതപ്പെട്ട അവധിയെടുത്ത് കോഴ്സ് പൂർത്തീകരിക്കേണ്ടതും, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ, സ്ഥാപനമേധാവി മുഖേന ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.

എന്നാൽ മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തു ഡെപ്യൂട്ടേഷൻ കാലയളവായ മൂന്ന് വർഷം പൂർത്തിയാകുന്നതിനു മുൻപ് **(Late admission)** കോഴ്സ് പൂർത്തീകരിക്കുന്ന ജീവനക്കാർ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക്, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് സഹിതം പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ടി ഉദ്യോഗസ്ഥരെ, പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിലെ സ്ഥപനമേധാവികൾ, ബന്ധപ്പെട്ട ജീവനക്കാരുടെ ക്യു.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് / കോഴ്സ് പൂർത്തികരിച്ച സാക്ഷ്യപത്രം പരിശോധിച്ച് പുനഃപ്രവേശനം അനുവദിക്കേണ്ടതും, ഇവരുടെ ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. ബന്ധപ്പെട്ട ജീവനക്കാർ (വെബ് സൈറ്റ് മുഖാന്തിരം).
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (വെബ് സൈറ്റ് മുഖാന്തിരം).
3. അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള ബ്രാഞ്ച്, എസ്. എച്ച് മൌണ്ട്, പി.ഓ, നാഗംപടം, കോട്ടയം.
4. സീനിയർ സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ.
5. സിസ്റ്റം അനലിസ്റ്റ്, ഡിടിഇ (പ്രസിദ്ധീകരണത്തിന്)

Signed by
Shalij P R
Date: 08-08-2024 22:25:36